**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 269** **27-01-2026 - ൽ മറുപടിയ്ക്ക്**

**മാതൃശിശു മരണനിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മാതൃശിശു മരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിനു എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഇന്ത്യയിലെ സംസ്ഥാനങ്ങളിൽവച്ച് ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്ക് കേരളത്തിലാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി മാതൃമരണനിരക്ക് കുറച്ച് കൊണ്ടുവരുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മാതൃമരണ നിരക്ക് കുറക്കുന്നതിനായി ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് KFOG (Kerala Federation of Obstetrics and Gynecology), IAP (Indian Academy of Pediatrics) എന്നീ പ്രൊഫഷണൽ ഓർഗനൈസേഷനുകളുടെ സാങ്കേതിക സഹകരണത്തോടു കൂടി പ്രവർത്തനപദ്ധതി തയ്യാറാക്കി കേരളത്തിലെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനവും നൽകിവരുന്നുണ്ട്.<br><br>കൂടാതെ മാതൃ ശിശുമരണ നിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യത്തോടുകൂടി 'ലക്ഷ്യ പദ്ധതി'യും നടപ്പിലാക്കി വരുന്നു. അതിൻ പ്രകാരം കേരള സർക്കാർ നടപ്പിലാക്കുന്ന ലക്ഷ്യ അക്രഡിറ്റേഷൻ പദ്ധതിയിലൂടെ ലോകോത്തര നിലവാരത്തിലുള്ള പ്രസവചികിത്സ ലഭ്യമാക്കുക, അണുബാധ കുറയ്ക്കുക, പ്രസവസമയത്ത് മെച്ചപ്പെട്ട സംരക്ഷണം നൽകുക. പ്രസവാനന്തരമുള്ള ശുശ്രൂഷ, ഗുണഭോക്താക്കളുടെ സംതൃപ്തി, ലേബർ റൂമുകളുടെയും പ്രസവ സംബന്ധമായ ഓപ്പറേഷൻ തീയേറ്ററുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിടുന്നു. കേരളത്തിൽ മെഡിക്കൽ കോളേജുകളിലും, ജില്ലാ ആശുപത്രികളിലും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലും. താലൂക്ക് ആശുപത്രികളിലുമാണ് |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ 17 ആശുപത്രികൾക്കാണ് ഇതുവരെ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്<br><br>ശിശുമരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ആർ.ബി.എസ്.കെ, ഹൃദ്യം, ശലഭം, ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC), ആശാധാരാ പദ്ധതി, FBNC-SNCU, NBSU, Medical NICU, Special Newborn Care Unit(SNCU/ NICU), വിവ കേരള, KARE, പ്രതീക്ഷ എന്നീ പദ്ധതികൾ വഴി പതിനെട്ട് വയസ്സ വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ സഹായ പദ്ധതികളും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. |
| (ബി) | നിലവിൽ യു.എസ്. -ന്റെ മാതൃ-ശിശു മരണനിരക്കിന് താഴെയെത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ? | (ബി) | ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ മാതൃ മരണനിരക്കുള്ള സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ ആരോഗ്യ വകുപ്പിന് 2022 ൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും പുരസ്കാരം ലഭിച്ചിട്ടുണ്ട്. കേരളത്തിലെ ശിശുമരണ നിരക്ക് ക്രമാനുഗതമായി കുറച്ചുകൊണ്ട് വരുന്നതിനും അതുവഴി യു.എസ്.എ യുടെ ശിശുമരണനിരക്കായ 5.6 നേക്കാളും കുറഞ്ഞ നിരക്ക് കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>സുസ്ഥിരവികസന സൂചിക പ്രകാരം നവജാതശിശുമരണനിരക്ക് 2030 ൽ ലക്ഷ്യംവെച്ചിരുന്നത് 1000 കുഞ്ഞുങ്ങൾക്ക് 12എന്നായിരുന്നു, എന്നാൽ കേരളത്തിൽ ഇത് 1000കുഞ്ഞുങ്ങളിൽ 5 എന്ന നിലയിൽ കൈവരിക്കാൻ സാധിച്ചു. ഈ നേട്ടത്തിലേക്ക് കേരളത്തെ നയിച്ചത് അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ അതിജീവന സമ്പ്രദായത്തിൽ കൈക്കൊണ്ട മാറ്റങ്ങളിലൂടെയാണ്. 2016 ന മുൻപുണ്ടായിരുന്ന അവസ്ഥയിൽനിന്നും ശിശുമരണ നിരക്ക് ഒറ്റ അക്കത്തിലേക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച നിരവധി പ്രത്യേക പദ്ധതികളുടെ ശ്രമ ഫലമായാണ് ഇപ്രകാരം നേട്ടം കൈവരിക്കാൻ സാധിച്ചത്. ഹൃദ്യം,ശലഭം, അമ്മയുംകുഞ്ഞും പദ്ധതി, ക്രിട്ടിക്കൽ ന്യൂബോൺ കെയർ, SNCU, NBSU, NBCC, NRC, Mother and Baby Friendly Hospital Initiative, MUSQAN, KARE തുടങ്ങിയ നൂതന പദ്ധതികളാണ് ഇതിന് കാരണമായത്. ദേശീയ കുടുംബാരോഗ്യ സർവ്വെ-5 ലെ കണക്കുകൾ അനുസരിച്ച ശിശുമരണനിരക്കിന്റെ ദേശീയ ശരാശരി 35ഉം (SRS 2023 പ്രകാരം ദേശീയ ശരാശരി 25-ഉം) കേരളത്തിന്റെ നിരക്ക് 5 ഉം ആകുന്നു. |

| | | | |
|---|---|---|---|
| | | | അപൂർവ്വരോഗബാധിതരായ കുഞ്ഞുങ്ങളുടെ (SMA) ചികിത്സയ്ക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കുക വഴി, ശിശുമരണ നിരക്ക് വീണ്ടും കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ